ശ്രീ കെ വി എച്ച് എസ് എസ് എറിയാട്

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ



# പുലരൊളി

# ആശംസകളോടെ...............



ഡിജിറ്റൽ യുഗത്തിലാണ് നാം ഇന്ന്. സാങ്കേതിക വിദ്യ വിപ്ലവം സൃഷ്ടിക്കുന്ന കാലം....... എല്ലാം വിരൽത്തുമ്പിലെത്തുന്ന കാലം...... കല്ലുകളിൽ കൊത്തിവെക്കുകയാണ് നമ്മുടെ പൂർവ്വികർ ചെയ്തിരുന്നതെങ്കിൽ നാം ഡിജിറ്റൽ അക്ഷരങ്ങളിൽ എത്തി നിൽക്കുകയാണ്. സാങ്കേതിക വിദ്യയുടെ ലോകത്തേക്ക് എറിയാട് ജി കെ വി എച്ച് എസ് എസ്സിലെ ലിറ്റിൽ കൈറ്റ്സിന്റെ കാൽവെയ്പ്പാണ് പുലരൊളികൾ. ഏവർക്കും ഉന്മേഷദായകമായ പുലരൊളികളാകും ഇതെന്ന് എനിക്കുറപ്പുണ്ട്. പിന്നണിപ്രവർത്തകരെ അനുമോദിച്ചുകൊണ്ട്, ഏവർക്കും ആശംസകൾ.............

ഏ കെ അരവിന്ദാക്ഷൻ
ഡി ഡി ഇ തൃശൂർ

# പുലരൊളിയെക്കുറിച്ച്.............



പുലരൊളികൾ പുറപ്പെടുന്നേയുള്ളൂ. കൂടുതൽ ശോഭയോടെ വരാനിരിക്കുന്ന ഒളികൾക്ക് ഇതൊരു തുടക്കമാകും. ലിറ്റിൽ കൈറ്റ്സ് വലിയ ആകാശങ്ങളിലേക്കെത്തും. ഉയർന്നുവരുന്നവർക്കുള്ളതാണ് ആകാശപഥങ്ങൾ.....

തീരപ്രദേശത്തെ ഞങ്ങളുടെ വിദ്യാലയം പ്രളയത്തിന്റെ ദുരിതങ്ങൾ നേരിട്ട് ഏറ്റുവാങ്ങിയിട്ടില്ല.എങ്കിലും ആ ദുരന്തത്തിന്റെ വിദൂരഫലങ്ങൾ ഈ തീരപ്രദേശവും അനുഭവിച്ചിട്ടുണ്ട്. കടലിന്റെ ആക്രമണങ്ങൾ നിരന്തരം ഏറ്റു വാങ്ങിയിട്ടുള്ളതിനാൽ ഏതു ദുരന്തത്തിന്റെയും കഷ്ടതകൾ ഞങ്ങൾക്കു മനസ്സിലാകും. അതുകൊണ്ടുതന്നെയാണ് രക്ഷാപ്രവർത്തനത്തിന് ഈ നാട്ടുകാർ ജീവനെ അവഗണിച്ചും ചാടിപ്പുറപ്പെട്ടത്. സമാനമായ പ്രവർത്തനമാണ് പുലരൊളികളും. ഇതും ഒരു ചാടിപ്പുറപ്പാടാണ് . ആത്മവിശ്വാസമാണ് കൈമുതൽ. ഒന്നുറപ്പു നൽകുന്നു കൂടുതൽ മികച്ച സൃഷ്ടികൾ വരാനിരിക്കുന്നതേയുള്ളൂ. ഈ സൃഷ്ടിയെ സ്വയം വിലകുറച്ചു പറയുകയല്ല. ഇതിനുവേണ്ടി പ്രയത്നിച്ചവർക്ക് ഏറെ ആത്മവിശ്വാസം ഇപ്പോൾ കൈവന്നിരിക്കുന്നു എന്നു ബോധ്യപ്പെട്ടു കൊണ്ടു പറഞ്ഞതാണ്. പുലരൊളികളെ ലിറ്റിൽ കൈറ്റ്സിന്റെ ആകാശങ്ങൾക്ക് വിട്ടു നൽകുന്നു

സസ്നേഹം...

കെ.എസ്. ഷീല

മുഖ്യ പത്രാധിപ & പ്രധാനാധ്യാപിക

ജി.കെ.വി.എച്ച്.എസ്.

# ആശംസ.....

അന്തർദേശീയ നിലവാരത്തിലേക്കുയരുന്ന കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ എറിയാട് ഗവ. കേരള വർമ്മ ഹയർ സെക്കണ്ടറി സ്കൂളിന്റെ , ലിറ്റിൽ കൈറ്റ്സ് വിഭാഗം പുലരൊളികൾ എന്ന ഡിജിറ്റൽ മാസിക തയ്യാറാക്കുന്നുവെന്ന് അറിയുന്നു. പിന്നണിയിൽ പ്രവർത്തിച്ച ഏവർക്കും ആശംസകൾ.............

അസീസ്

പി.ടി.എ. പ്രസിഡന്റ്, ജി.കെ.വി.എച്ച്.എസ്.&

വാർഡ് മെമ്പർ, എറിയാട് ഗ്രാമപഞ്ചായത്ത്.

# പുലരൊളിക്ക് പിന്നിൽ........

**മുഖ്യ പത്രാധിപർ- കെ.എസ്. ഷീല, പ്രധാന അധ്യാപിക**

**സഹ പത്രാധിപർ- ഷൈമാബി അബ്ദുൽ ജബ്ബാർ, എസ്. ഐ.ടി.സി**

**ഗിരീഷ് എ പി**

പത്രാധിപ സമിതി-

1. സുധ കെ.എസ്- കൈറ്റ് മിസ്ട്രസ്
2. അനീത – കൈറ്റ് മിസ്ട്രസ്
3. മുഹ്സിൻ പി.എ- 10 എ
4. മുഹമ്മദ് ഫഹദ്-9 എ
5. മുഹമ്മദ് ഷംനാസ്-9 ബി
6. രോഷിത്ത് രമേഷ്-9 ഡി
7. ആദർശ്. സി.എസ്- 9 ബി
8. ഫെബിൻ ഫിറോസ്- 9 ബി
9. അനഘ ടി. എ- 9 ഇ
10. അഞ്ജലി.കെ.കെ- 9 ഡി
11. ഇർഫാന തസ്‍ലീം- 9 സി.

# താളുകളിലൂടെ

നന്മയുടെ വിജയം
പ്രളയാനന്തരം................
ഓർമ്മച്ചെപ്പ്
पानी
मिलन
എന്റെ കൊച്ചനുജൻ
The One And Only Shakespeare
സ്മരണകളിലൂടെ
ക്ലബ്ബുകൾ
എന്റെ ബാല്യം
അക്കപ്പൊട്ട്
ചിത്ര രചന
ഓക്സിജൻ പാർലർ
കവിഞ്ഞൊഴുകിയ ഭൂമി
ഇവർ ഞങ്ങളുടെ അഭിമാനം
Quotable Quotes
ബാല്യത്തിലൂടെ
പൂമരവും മന്ദാരവും
ചിത്ര രചന
തിരുപ്പതി ട്രക്കിങ്ങ് ഓർമ്മകൾ
എന്റെ നാട്

## നന്മയുടെ വിജയം

മാധവൻ എന്ന കൃഷിക്കാരൻ ഒരു ഗ്രാമത്തിൽ താമസിച്ചിരുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യയും അഞ്ചുമക്കളും ഏറെ സന്തോഷത്തോടും സമാധാനത്തോടെയും ജീവിച്ചു. മാധവന്റെ ആദ്യപുത്രനാണ് മനോഹരൻ. ഏറെ ദേഷ്യക്കാരനും പിടിവാശിക്കാരനുമായ മകനാണ് മനോഹരൻ. പിന്നെയുള്ള ഇരട്ടക്കുട്ടികൾ മനുവും മധുവും ഒരേ മുഖച്ഛായയവും സ്വഭാവവുമുള്ള ഇരട്ടക്കുട്ടികളാണ്. പിന്നെ മാധവന് രണ്ടു പെൺകുട്ടികളാണുണ്ടായിരുന്നത്, മിനിയും മീനുവും . മീനുവിനു കാഴ്ചയില്ല. അതുകൊണ്ടുതന്നെ അച്ഛനു മറ്റെല്ലാവരേക്കാളും മീനുവിനെയായിരുന്നു ഇഷ്ടം. മീനു അച്ഛന്റെ കൂടെയല്ലാതെ വേറെ ആരോടൊപ്പവും പോവുകയില്ല. അച്ഛന്റെകൂടെ മാത്രമേ ഉണ്ണാറുള്ളൂ. അച്ഛനുണ്ടെങ്കിലേ ഉറങ്ങൂ. അതിനാൽ മറ്റു സഹോദരങ്ങൾക്ക് മീനുവിനോടു അസൂയയായിരുന്നു. മീനു അച്ഛനോടൊപ്പം പോകുമ്പോൾ ഇവർക്കു സഹിക്കില്ല. അമ്മ ഇന്ദു ഒരു പാവമായിരുന്നു. അമ്മ മക്കളെ എല്ലാവരെയും ഒരുപോലെ സ്നേഹിച്ചു. എല്ലാവരും പഠിച്ചും കളിച്ചും വളർന്നപ്പോൾ മീനു മാത്രം അവളുടേതു മാത്രമായ ലോകത്ത് വളർന്നു.

മനോഹരൻ പഠനം കഴിഞ്ഞ് ഒരു കമ്പനിയിൽ മാനേജരായി. ഏറെ താമസിക്കാതെ വിവാഹവും കഴിച്ചു. സമ്പന്നകുടുംബത്തിലെ അംഗമായതിന്റെ അഹങ്കാരം മനോഹരന്റെ ഭാര്യയ്ക്കുണ്ടായിരുന്നു. അവൾ മനോഹരനെ തന്റെ വരുതിയിൽ നിർത്തി. അമ്മയുടെ മരണശേഷം സ്വത്തുവകകളുടെ വിഹിതം വാങ്ങി മനോഹരൻ വീടുമാറി താമസം തുടങ്ങി. ജ്യേഷ്ഠന്റെ പാത പിന്തുടർന്ന് അനുജന്മാരും വിവാഹിതരായി സ്വന്തം കാര്യങ്ങൾ മാത്രം നോക്കി ജീവിക്കാൻ തുടങ്ങി. മിനിയുടെയും വിവാഹമുറപ്പിച്ചു. മനുവും മധുവും സഹകരിച്ച് ആ വിവാഹം നടത്തി. പക്ഷേ ആ പേരും പറഞ്ഞ് വീടും പറമ്പും അവർ സ്വന്തമാക്കി.

അങ്ങനെ മീനുവും അച്ഛനും തെരുവിലാക്കപ്പെട്ടു. വൃദ്ധനായ അച്ഛനും അന്ധയായ മകളും റെയിൽവേ സ്റ്റേഷനിൽ ചായക്കട നടത്തി ജീവിതം ഒരു വിധം മുന്നോട്ടു കൊണ്ടു പോകാൻ ശ്രമിച്ചു. പലരും ആ ചായക്കടയിൽ നിന്ന് ആവശ്യമില്ലെങ്കിൽ പോലും ചായ കുടിച്ച് അവരെ സഹായിച്ചു. ഒരു ദിവസം യാത്രക്കാരനായ അർജ്ജുൻ ആ കടയിൽ നിന്ന് ചായ കുടിക്കാൻ കയറിയപ്പോൾ അവരുടെ കഥ അറിയാനിടയായി. അയാൾ അവിടത്തെ സ്ഥിരം സന്ദർശകനായി. ഒരിക്കൽ ചായകുടിക്കാനെത്തിയ അർജ്ജുൻ മീനുവിനെ വിവാഹം കഴിക്കാനുള്ള സമ്മതം ചോദിച്ചു. അച്ഛനും മീനുവിനും അത് വലിയ സന്തോഷമുള്ള കാര്യമായി. അനാഥനായ അർജ്ജുൻ കഠിനാധ്വാനം ചെയ്ത് മീനുവിനെ ചികിത്സിച്ചു. ഇപ്പോൾ മീനുവിനു എല്ലാം കാണാം. നന്മയുള്ള മനുഷ്യരെയും തിന്മനിറഞ്ഞ ചെയ്തികളെയും. നന്മ നിറഞ്ഞ പ്രവൃത്തികൾ ചെയ്ത് അർജ്ജുനും മീനുവും സന്തോഷത്തോടെ ഇന്നും ജീവിക്കുന്നു.

ഗിരീഷ് എ പി

എച്ച് എസ് എ മലയാളം

# പ്രളയാനന്തരം................

പുറത്തു ശക്തിയായ മഴ. എഴുന്നേൽക്കാൻ മടിയായതിനാൽ പുതപ്പിനുള്ളിൽ ചുരുണ്ടുകിടക്കുകയായിരുന്നു ഞാൻ. അപ്പോഴാണ് പുറത്തൊരു ശബ്ദം കേട്ടത്.

ദുഃശകുനം, അശ്രീകരം..... രണ്ടുമൂന്ന് ആവൃത്തി കേട്ടു.

പുറത്തുചെന്ന് നോക്കിയപ്പോൾ അയൽക്കാരനായ വിഷ്ണുനമ്പൂതിരി അമ്മയെ വഴക്കുപറയുന്നു. എനിക്കൊന്നും മനസ്സിലായില്ല. ഞാൻ അമ്മയെ നോക്കി നിന്നു. അമ്മ എന്നെ അകത്തേക്ക് വലിച്ചുകൊണ്ടുപോയി.

അന്ന് സ്വാതന്ത്ര്യദിനമായിരുന്നു. സ്കൂളിൽപോകാൻ എന്നെ ഒരുക്കിയപ്പോഴും ഭക്ഷണം കഴിച്ചപ്പോഴും അമ്മ ഒന്നും എന്നോടു മിണ്ടിയില്ല. എന്തോ ഓർത്തുകരയുന്നു. സ്കൂളിലേക്കു പോകുമ്പോഴും തിരിച്ചുവന്നപ്പോഴും മഴ ശക്തിയായി പെയ്യുകയായിരുന്നു. അമ്മ മൗനത്തിൽത്തന്നെ. എന്താ കാരണമെന്ന് ചോദിക്കാൻ ആദ്യം ധൈര്യം വന്നില്ല. അവസാനം ധൈര്യം സംഭരിച്ച് ഞാൻ ചോദിച്ചു.

“വിഷ്ണു നമ്പൂതിരി എന്തിനാണ് അമ്മയെ വഴക്കുപറഞ്ഞത്?”

“പതിവുപോലെ നമ്പൂതിരി നിത്യപൂജയ്ക്കിറങ്ങിയപ്പോൾ മുറ്റമടിക്കുകയായിരുന്ന എന്നെയാണ് ശകുനം കണ്ടത്. അതിനാണ്...............................” പുറത്ത് മഴ കരഞ്ഞുകൊണ്ടേയിരിക്കുകയായിരുന്നു.

അത്താഴത്തിനുശേഷം അമ്മ വേഗം ഉറങ്ങി. പണിയെടുത്തതിന്റെ നല്ല ക്ഷീണമുണ്ടായിരിക്കാം അമ്മയ്ക്ക്. എന്തോ എനിക്ക് ഉറക്കം വന്നില്ല. കണ്ണടച്ചാൽ അമ്മയെ വഴക്കു പറയുന്ന രംഗം.

മഴ വീണ്ടും ശക്തിപ്രാപിച്ചു. കാറ്റിൽ മരങ്ങൾ ആടിയുലഞ്ഞു. എല്ലാ തടസ്സങ്ങളെയും വകഞ്ഞുമാറ്റി വെള്ളം ഇരച്ചുകയറാൻ തുടങ്ങിയിരുന്നു. . അമ്മ അപകടം വേഗം മണത്തറിഞ്ഞു. കയ്യിൽ കിട്ടിയ സാധനങ്ങളുമായി എന്നെയും കൂട്ടി റോഡിലേക്കിറങ്ങി. നനഞ്ഞുവിറച്ച ലോറിയിൽ പിടിച്ചുകയറിയ ഞങ്ങളും മഴയിൽ വിറച്ചുകൊണ്ടേയിരുന്നു..

ക്യാമ്പിൽ ഒരുപാടുപേരുണ്ടായിരുന്നു. എല്ലാവരും ദുഃഖിതർ..കിട്ടിയ ഇടത്ത് കട്ടിയുള്ള കാർഡ് ബോർഡുകൾ വിരിച്ച ഞാനും അമ്മയും കിടന്നു. പുറത്തു മഴപെയ്യുന്നുണ്ടായിരുന്നു.

നേരം പുലർന്നിട്ടും മഴ നൃത്തം നിർത്തിയിരുന്നില്ല. കൂടുതൽ ഉയർന്ന സ്ഥലത്തെ ക്യാമ്പിലേക്ക് മറ്റൊരു മഞ്ഞ ലോറി. ഞാനും അമ്മയും കയറി. സ്ഥലം പരിമിതമാണ്. പരമാവധിപേരെ കയറ്റാനുള്ള ശ്രമത്തിലായിരുന്നു അവിടത്തെ പ്രവർത്തകർ. രണ്ടുപേർക്കു കൂടി കയറണം. "ആരെങ്കിലും ഇവരെയൊന്നു പിടിച്ചുകയറ്റൂ"

അമ്മ നീട്ടിയ കയ്യിൽ വിഷ്ണു നമ്പൂതിരിയുടെ അന്തർജനം. പിന്നാലെ വിഷ്ണു നമ്പൂതിരിയും.....

മഴമേഘങ്ങൾക്കിടയിൽ നിന്ന് നവകിരണങ്ങൾ ഭൂമിയിലേക്ക് വീഴുന്നുണ്ടായിരുന്നു.....

പാർവ്വതി എം കെ VII A

# ഓർമ്മച്ചെപ്പ്

സരസ്വതീകടാക്ഷമായി മലർവാടിയിൽ
കൊച്ചുശലഭങ്ങളായ് എത്തി ഞങ്ങൾ
അക്ഷരമുറ്റത്തൊരായിരം പുഷ്പങ്ങൾക്ക്
സ്വാഗതമേകി കുളിർ തെന്നലായ്.....
അറിവിൻ വെളിച്ചമായ് എത്തി എൻ
ഗുരുനാഥർ കാലിടറാതെന്നെ കൈപിടിച്ചു
കൂരിരുൾ നിറഞ്ഞൊരാ അർദ്ധരാത്രിക്ക്
പൊൻ പ്രഭ ഏന്തിയ പൂർണ്ണേന്ദുപോൽ
കുഞ്ഞു മനസ്സിലെ കുഞ്ഞു സൗഹൃദങ്ങൾ
പൂത്ത് തളിർത്ത് വൻ വൃക്ഷങ്ങളായ്
അതിൽ വൻ കൂട് കൂട്ടി ഒരായിരം പക്ഷികൾ
ഇലപൊഴിയും ശിശിരകാലമെത്തി
അക്ഷരമുറ്റത്തൊരായിരം മണൽത്തരി
എൻ കാതിൽ മൂളുന്നു മൗനരാഗം...
ദിനങ്ങളോരോന്നും മനസ്സിൻ മണിച്ചെപ്പിലെ
പൊൻ തൂവലായ് എന്നും വിരിഞ്ഞു നിൽക്കും
മൂകമാം മനസ്സിന്റെ ഉൾത്തടത്തിൽ
വേണു ഗാനം മൂളുന്നു ഓർമ്മകളും
“മാതൃവിദ്യാലയമേ......... എന്നും പ്രണാമം.....”

അലീന ജോർജ്ജ് VIII F

# पानी

पानी नहीं तो जीवन
नहीं है , पानी अमूल्य है ।
सारे जीनोवालों को
पानी अमूल्य है ।
बारिश आये तो पुरे धरती
खुशी से नाचते है ।
बारिश हमें जीवन और
घरियाली का प्रतीक है ।

पार्वती एम् के VII A

# मिलन

रुको धीमी आवाज़ पहचानकर वह मुटकर देखा ।हाथ में फूल लेकर एक बच्चा ।"तू कौन है "? में ने पूछा।जानते हो में अब आपका वर मांगने आया हूँ ।याद है पंद्रह साल के पहले नौ षी में अरुण।उस साल मेरा पिता चल बसा।इसलिए में पढ़ नहीं सकता।माता भी बीमार थी।दो साल पहले माता भी पिता के रास्ते में।अब में अकेला हूँ "।" हाँ याद हैं।अरे अब तू क्या करता हैं "? इधर एक कंपनी में अकाउंटैंट हैं "।" पिता चलने के बाद में ने खूब यदनाएँ सहता धा।दुखानों में होटलों में काम खोजकर चला गया।वेतन तुच्छ थी।इसलिए माँ का चिकित्सा न कर सकी।अनुभव के आग ही मुछे इतना तक पहुँचाया। सर अकेले महीने में चेन्नै चला जाता हूँ।आकर मेरे लिए प्रार्थना कर"।इतना कहकर उसकी आँखों से अश्रु बह गया।घर में पहुंचने पर उसका मुँह था मेरे मन में। उसकी शरारते याद कर मेरा मन खो गया। मैने मन ही मन प्रार्थाना की - "भगवान आप इसका भला करें"।

टी के ताहिरा
एच एस ए हिंदी

# എന്റെ കൊച്ചനുജൻ

അന്ന് കാർമേഘങ്ങൾ ആകാശത്തെ പൊതിഞ്ഞു. പേമാരിയിലേക്കുള്ള ഭൂമിയുടെ കുതിപ്പിന് വേഗതയേറി. തണുത്ത കാറ്റു വീശുന്നതോടൊപ്പം പൊടിപടലങ്ങളും പരന്നു. പ്രകൃതി അന്ധകാരത്തിലേക്കാണ്ടു പോയി.

ഏഴ് വയസ്സ് മാത്രം പ്രായമുള്ള എന്റെ കൊച്ചനുജൻ. പല വർണ്ണങ്ങളാൽ ഭംഗിയാർജിച്ച ഒരു കൊച്ചു കുടയും ചൂടി പ്രകൃതിയുടെ അന്ധകാരത്തിലേക്കിറങ്ങി. പേമാരി കൂടുതൽ ശക്തിയാർജിച്ചു കൊണ്ടിരുന്നു. ഇടിയും മിന്നലും ഭൂമിയിലേക്കെത്തി അപ്പോഴും യാതൊരു കൂസലുമില്ലാതെ. മഴ തേടുന്ന വേഴാമ്പലിന് മഴ പെയ്യുമ്പോഴുണ്ടാകുന്ന സന്തോഷം അവന്റെ ആ നിഷ്കളങ്കമായ ഹൃദയത്തിലും മുഖത്തടത്തിലും പ്രതിധ്വനിച്ചു. വീട്ടുവളപ്പിലെ തെക്കേ പറമ്പിലായി സ്ഥിതി ചെയ്യുന്ന ആ കുളവും മറ്റു ചെറു തോടുകളും നിറഞ്ഞു കവിഞ്ഞു.

അവന്റെ മനസ്സിന് അത് കൂടുതൽ സന്തോഷം പകർന്നു. ഒരു നീണ്ട ഇടവേളക്ക് ശേഷമുള്ള ഒരു പേമാരിയായത് കൊണ്ട് അവന്റെ കുസൃതികൾ ആരെയും അതിവേഗം മയക്കിക്കളയും.അവൻ മെല്ലെ മെല്ലെ കുളക്കരയിലേക്ക് താളം പിടിച്ചു നടന്നു. അനുജൻ അവൻ പോലുമറിയാതെ പേമാരിയിൽ അലിഞ്ഞു ചേർന്നു.തലേന്നുള്ള യാത്ര എന്നെ വല്ലാതെ ക്ഷീണിതനാക്കി. അൽപ്പം വിശ്രമിക്കുന്നതിനായി ഞാൻ വീടിന്റെ തെക്കേ മുറിയിൽ അഭയം പ്രാപിച്ചു.

ഞാൻ പതിയെ നിദ്രയിലാണ്ടു. പിന്നീട് എന്നെ ഉണർത്തിയത് പുറത്തെ ശബ്ദകോലാഹലങ്ങളാണ്. ഞാൻ പരിഭ്രാന്തനായി പുറത്തേക്കോടി. അവിടെ കണ്ട കാഴ്ച എന്റെ ഹൃദയത്തെ വല്ലാതെ തകർത്തു. ജീവനു വേണ്ടി പോരാടുന്ന അനുജനെയാണ് എനിക്ക് ദർശിക്കാൻ സാധിച്ചത്. കുളത്തിന്റെ മധ്യത്തിലായി അവൻ കൈകാലുകൾ അടിച്ചു ഉറക്കെ ഉറക്കെ നിലവിളിക്കുന്നു

മുഹമ്മദ് യഹിയ X A

# THE ONE AND ONLY
# Shakespeare



There can be no doubt there once lived a man called William Shakespeare and that he wrote a number of extra ordinary plays. Shakespeare is the greatest writer in English language. A student who studies English Literature cant complete his study without knowing Shakespeare.

"These plays have had their trial and stood out all appeals". "The applause, delight and wonder of our stage". These were the remarks written in his life time by his brother playwrights.

Shakespeare was born to John Shakespeare and Mary Arden on 23rd April 1564 at Stratford upon Avon. It is believed that he was pressed into a hasty marriage with Anne Hathaway who was eight years older than her boy husband. He had three children Susanna, Hamnet and Judith.

A tradition referring to this period assumes that Shakespeare lived the life of a school master in a village near Stratford. There is a story that a deer was stolen from there and and Sir Thomas ordered to whip and imprison Shakespeare.



(John Shakespeare's house,believed to be Shakespeare's birthplace)

At that time after four years of his marriage he started his long walk to the Capital bidding good bye to his family. At first he went to work at odd jobs in a theatre.. In a year or two he was associated with scholars and dramatists, masters of their age, writing plays of whose lives he seems to know by intimate association. In a few years he was leading all those brilliant group of poets and dramatists who have given undying glory to the Age of Elizabeth. Mighty dramas of human life and character flowed from his pen.

Two outward influence powerfully developed the genius of Shakespeare, - the village of Stratford, center of the most beautiful district in rural England and the great city of London, center of the world's political activity. In one he came to know the natural man in natural environment and in the other, the social, artificial man in the most unnatural surroundings.

The plays of Shakespeare is divided into four periods on the basis of the development of his thought and dramatic technique. These are:

1. A period of early experimentation:-
   This period dates from his arrival in London to 1595. Typical work of this period are his early poems, Love's Labour's Lost, Two Gentlemen of Verona and Richard III.
2. A period of rapid growth and development:-
   It dates from 1595 to 1600. Plays of this period are The Merchant of Venice, Midsummer Night's Dream, As You Like It and Henry IV which showed more careful and artistic work. It marked an increase in the knowledge of human nature.
3. A period of gloom and depression:-
   It dates from 1600 to 1607 and marked the full maturity of his powers. It generally attributed to some personal experiences along with the political misfortunes of his friends Essex and Southampton. The sonnets, Twelfth Night which is Shakespeare's “farewell to mirth” and his great tragedies Hamlet, King Lear, Macbeth, Othello and Julius Caesar belong to this period.
4. A period of restored serenity:-
   It marked the last years of his literary work. The Winter's Tale and The Tempest are the best of his later plays.

Shakespeare is often called as England's National poet and the “Bard of Avon”. He wrote 38 plays, 154 sonnets and two long narrative poems. His plays have been translated into every major living language and are performed more often than those of any other playwright.

He was a respected poet and playwright in his own way. His plays remain highly popular even today. Shakespeare passed away on 23$^{rd}$ April 1616. He was buried in the Chancel of the Holy Trinity Church two days after his death.

The epitaph carved into the stone slab covering his grave, which was carefully avoided during restoration of church in 2008:

Good friend for Jesus' sake forbear
To dig the dust enclosed here
Blessed be the man that spares these stones
And cursed be that moves my bones.

Thus we can say that Shakespeare is the greatest writer in English language without any doubt. His influence upon our language and thought is beyond calculation. Even those who read Shakespeare are still unconsciously guided by him.

His life was gentle,and the elements
So mixed in him, that Nature might stand up
And say to all the world, “This was a man!”




**(Shakespeare's grave)**

Shimaby Abdul Jabbar
HSA English

# സ്മരണകളിലൂടെ.........


















# ക്ലബ്ബുകൾ.................





എൻ സി സി

സ്കൗട്ട്



ലിറ്റിൽ കൈറ്റ്സ്



ഐ ടി





ജെ ആർ സി

# എന്റെ ബാല്യം

തിരികെ
വരാത്തയെന്റെ
ബാല്യം !
തിരിഞ്ഞു നോക്കുമ്പോൾ
കൺമിഴി
പൂട്ടാതെ
നോക്കുന്ന എന്നുടെ സുന്ദര
ബാല്യം !

ഓലമേഞ്ഞ വീടുകൾ
നിറഞ്ഞ സുന്ദര
ഗ്രാമം !
വാഹനങ്ങൾ ഓടിടാതെയുള്ള
ചെമ്മൺ പാത.
വാകയും ഇലഞ്ഞിയും
പൂത്തിരുന്നൊരു
കാലം !

കളിവഞ്ചികൾ ഓരോന്നായി
ഒഴുകുന്ന ഒരു
കാലം !
ഓർത്തിടുന്നു ഞാൻ നഷ്ടമായ
എന്റെ ബാല്യത്തെ !



റിഫാന VII B

# അക്കപ്പാട്ട്

1. ആദ്യത്തെ അക്കം ഒന്നാണ്
   ഒന്നേ ദൈവം എല്ലാർക്കും
2. ഒന്നും ഒന്നും രണ്ടാണ്
   കാളയ്ക്ക് കൊമ്പുകൾ രണ്ടല്ലോ
3. രണ്ടും ഒന്നും മൂന്നാണ്
   തേങ്ങയ്ക്ക് കണ്ണുകൾ മൂന്നാണ്
4. മൂന്നും ഒന്നും നാലാണ്
   മേശയ്ക്ക് കാലുകൾ നാലാണ്
5. നാലും ഒന്നും അഞ്ചാണ്
   ഒരു കൈവിരലുകളഞ്ചാണ്
6. അഞ്ചും ഒന്നും ആറാണ്
   വണ്ടിന് കാലുകളാറാണ്
7. ആറും ഒന്നും ഏഴാണ്
   ഏഴാണാഴ്ചയിൽ ദിവസം
8. ഏഴും ഒന്നും എട്ടാണ്
   ചിലന്തിക്ക് കാലുകൾ എട്ടാണ്
9. എട്ടും ഒന്നും ഒമ്പതാണ്
   നവരത്നക്കല്ലുകൾ ഒമ്പതാണ്
10. ഒമ്പതും ഒന്നും പത്താണ്
    കൈവിരലാകെ പത്താണ്

അലീന ജോർജ്ജ് VIII F



# ചിത്ര രചന












by


Thoufeek AslAm P.L


Muhammed Zishan VIII B

# ഓക്സിജൻ പാർലർ

തന്റെ മകന്റെ പി ടി എ മീറ്റിംഗിന് ശേഷം കാറിൽ തിരിച്ച് വീട്ടിലേക്ക് മടങ്ങുന്ന പ്രമുഖ ഫോൺ കമ്പനി ഓറഞ്ചിന്റെ ഉടമ വിശാൽ സിഖ് അധ്യാപിക അവന്റെ ജീവിത ലക്ഷ്യം ചോദിച്ചപ്പോൾ അച്ഛനെ പോലെ ഒരു ബിസിനസ്സ്കാരൻ ആവാനാണ് ആഗ്രഹമെന്ന് പറഞ്ഞതെന്നോർത്തു. പുറത്തെ കാഴ്ചകൾ നോക്കിയിരിക്കുന്ന മകൻ നിതീഷ് സിഖിനോട് അയാൾ ചോദിച്ചു 'നിനക്ക് ഏത് ബിസിനസ്സാണ് ഇഷ്ടം?' 'ഏറ്റവും ലാഭകരമായ ബിസിനസ്സ് ' 'ഏതാണ് ആ ബിസിനസ്സ്?' അവൻ ചോദിച്ചു. അവർ ഒരു ട്രാഫിക്ക് ജാമിൽ പെട്ടു. ആകെ ഹോൺ മുഴങ്ങുന്ന ശബ്ദം. അയാൾ കാറിൽ നിന്ന് പുറത്തേക്ക് നോക്കി. ആകെ പുക നിറഞ്ഞ അന്തരീക്ഷം. അയാൾക്ക് ചുമ വന്നു. ശ്വാസം മുട്ടി. അയാൾ പോക്കറ്റിൽ നിന്ന് തന്റെ ഇൻഹേലർ എടുത്ത് അടിച്ചു. ഒന്ന് കണ്ണടച്ച് ഒരു സ്വപ്നത്തിലേക്ക് വഴുതി വീണു. ഒരു നഗരം. ഒരു കടയ്ക്കു മുൻപിൽ വലിയ വരി. ആളുകൾ അകത്തേക്ക് ചുമച്ചും വലിച്ചും കയറി പോകുന്നു. തിരിച്ച് ആശ്വാസത്തോടെയും സന്തോഷത്തോടെയും ഇറങ്ങി വരുന്നു. കടയുടെ പേര് അപ്പോഴാണ് ശ്രദ്ധിച്ചത്. അയാൾ അത് വായിച്ചു. ' ഓക്സിജൻ പാർലർ ' പെട്ടെന്ന് അയാൾ എഴുന്നേറ്റു. എന്നിട്ട് മകനോട് പറഞ്ഞു. ' നീ വലുതാകുമ്പോൾ ഓക്സിജൻ ഉത്പാദിപ്പിക്കുന്ന ഫാക്ടറി തുടങ്ങുക. അതായിരിക്കും ആ സമയത്തെ ഏറ്റവും വലിയ ബിസിനസ്സ്.' അയാൾ പറഞ്ഞു നിർത്തി മകന്റെ മുഖത്തേക്ക് നോക്കി. അവൻ അയാളെ തന്നെ ഉറ്റു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു.

മഹേശ്വരി എം എസ് IX B

# *കവിഞ്ഞൊഴുകിയ ഭൂമി*

ആകാശവും ഭൂമിയും
മനുഷ്യരും ഒരുമിച്ചു
പൊട്ടി കരഞ്ഞ ആ
ദിവസം...............

ഓരോ മനുഷ്യനും ചോര
നീരാക്കി സൃഷ്ടിച്ച ഓരോ
സമ്പത്തും തകർത്തെറിഞ്ഞ
പ്രളയമേ നിനക്കു വിട.......

മരങ്ങളോടും മണ്ണിനോടും
ഞങ്ങൾ ചെയ്ത ഓരോ ക്രൂര
തയ്ക്കും നീ ഞങ്ങൾക്കു തന്ന
ശിക്ഷയാണ് പ്രളയം........

ഇവിടെ പുഴ മാത്രമല്ല
ചോര നീരാക്കി സമ്പാദിച്ച
മനുഷ്യരുടെ സമ്പത്തിനും
ഖേദം വന്നിരിക്കുന്നു

ഓരോ പുഴയും തോടും
കായലുകളും നിറ
ഞ്ഞൊഴുമ്പോഴും ഞങ്ങള
റിഞ്ഞില്ല ഇതിനു പിന്നിലെ
ക്രൂരത

വീടുകൾ തോടുകളായി
തോടുകൾ കടലുകളായി
മാറി മറിഞ്ഞ ആ ദിവസം


ഞങ്ങൾക്കു നീ തന്ന വേദന...

ആ വേദനയിലും ഞാൻ
അന്നു കണ്ടു മതേതര്യത്തെ
ചങ്ങല പൊട്ടിച്ചു ഒരു പാത്ര
ത്തിൽ ഉണ്ട് ഒരു പായയിലുറ
ങ്ങിയ ഒരു കൂട്ടം ആളുകളെ

ഓരോ മനുഷ്യനും അധ്വാ
നിച്ചുണ്ടാക്കിയ വയലുകളും
പാടങ്ങളും നീ ആ
ഒരൊറ്റ നിമിഷം കൊണ്ട് തൂത്തു
വാരിയില്ലേ........

പൊന്നു വിളയിക്കുന്ന മണ്ണെ
ല്ലാം നീ ഒഴുകുന്ന നീർ
ച്ചാലുകളായി മാറ്റിയില്ലേ...

ആര്യനന്ദ VIII A



# ഇവർ ഞങ്ങളുടെ അഭിമാനം



ബഹിയ ഹനാൻ കെ എച്ച്
ഇംഗ്ലീഷ് പദ്യം ചൊല്ലൽ
ജില്ലാതലം



മുഹമ്മദ് യഹിയ
മലയാളം പ്രസംഗം
ജില്ലാതലം



നിത ഫാത്തിമ്മ
അറബിക് ഗാനം
ജില്ലാതലം




അറബിക് സംഭാഷണം
ജില്ലാതലം



നാഷണൽ ടെന്നീസ് വോളി ടീമംഗങ്ങൾ



വട്ടപ്പാട്ട് ജില്ലാതലം



അറബിക് സംഘഗാനം


സ്പോർട്സ് താരങ്ങൾ




# Quotable Quotes

Live as if you were to die tomorrow.
Learn as if you were to live forevere

Ignorance is always
afraid of change





Nothing ever becomes real till it is
experienced



Shimaby Abdul Jabbar
HSA English



# ബാല്യത്തിലൂടെ...............

ദിവസങ്ങൾ വളരെ വേഗം നീങ്ങി. ഓർമ്മകൾ ക്ലാവ് പിടിച്ച് തുടങ്ങും പോലെയായി. സൗഹൃദവും കുസൃതിയാർന്ന ഇഷ്ടങ്ങളും ഇന്നും ഓർമ്മകളിൽ തന്നെ ഒരു ഓർമ്മയായി. കാലം മറയുമ്പോഴും ദിവസങ്ങൾ നീങ്ങുമ്പോഴും ക്ലാവ് പിടിച്ച ഓർമ്മകൾ അമലിലേക്ക് തിരിഞ്ഞു. അമൽ എപ്പോഴും ദു:ഖവാനായി കാണപ്പെടുന്നു. തന്റെ നഷ്ടങ്ങളെ എണ്ണാതെ..... എണ്ണി നോക്കാതെ ജീവിതത്തിൽ വന്നു പോയ സൗഭാഗ്യങ്ങളെ ഒറ്റയ്ക്കിരുന്ന് തന്റെ സങ്കടങ്ങൾ അറിയിക്കാതെ താലോലിക്കുകയാണ്....

സ്കൂൾ കാലഘട്ടം അമലിന് എന്നും ഒരു സന്തോഷമായിരുന്നു. സൗഹൃദങ്ങൾ എന്നും ഒരു ഹരവും. താൻ വെറുത്തിരുന്നവരെ..... വഴക്കിട്ടവരെ..... തല്ല് കൂടിയവരെ ഇന്ന് കാണുമ്പോൾ ചിലപ്പോൾ കണ്ണ് നിറയും. താൻ വേദനിപ്പിച്ചവരുടെ പ്രശ്നങ്ങൾ അന്വേഷിക്കുമ്പോഴും അവർ അതിൽ സന്തോഷിച്ച് നമ്മുടെ വിവരങ്ങളും അന്വേഷിക്കുന്നു. ഒന്നു കാണുമ്പോൾ ചിലപ്പോൾ ഒരു പുഞ്ചിരിയിൽ പോലും ഒതുക്കിക്കളയുന്നു.പക്ഷെ അടുത്ത സുഹൃത്തായ ഹരിയെ മാത്രം അവൻ അന്വേഷിച്ചില്ല

പൂർവ്വ വിദ്യാർത്ഥി സംഗമം കൂടുമ്പോൾ അമൽ പോയിരുന്നില്ല. ഒരു വേദന...... കാണുമ്പോൾ കണ്ണുകൾ നിറഞ്ഞു പോയാലോ എന്നൊരു ഭയം. കാരണം മറ്റൊന്നുമല്ല. മീനുവിനെ കാണാനാണ് ആദ്യം ഭയം. അതോർക്കുമ്പോൾ ചിരി വരും. പണ്ടത്തെ കുസൃതി. അല്ലാതെന്ത് പറയാൻ. ഓർക്കുമ്പോൾ സത്യം പറഞ്ഞാൽ അവന് ചിരി വരും. പിന്നെ പിരിയുന്ന വേളയിൽ തന്റെ ഉറ്റ സുഹൃത്ത് ഹരിയോട് ചെറിയ വഴക്ക് കൂടി. അതാണ് പ്രധാന കാരണം. അതിലാണ് അമലിന് സങ്കടം. വരാനിരിക്കുന്ന വെള്ളിയാഴ്ച്ച വിദ്യാർത്ഥി സംഗമമാണ്. മനസ്സില്ലാ മനസ്സോടെ അമൽ പോകാൻ തയ്യാറെടുത്തു.

രാവിലെ സമയം പത്ത് കഴിഞ്ഞു. അമൽ കസേരയിൽ തയ്യാറായി ഇരുന്നു. മനസ്സ് ഒന്ന് വിങ്ങി. അമലിന് വീണ്ടും സംശയം പോകണോ വേണ്ടയോ എന്ന്. അമൽ പോയി. തന്റെ ബാല്യങ്ങൾ ചിലവഴിച്ച സ്കൂളിലേക്ക്. തന്റെ ക്ലാസ്സ് മുറികൾ സന്ദർശിച്ചു. കൂട്ട് കൂടിയവരെ കണ്ടു. കാലങ്ങൾക്കു ശേഷം തന്റെ ജീവിതത്തിൽ ഉത്സവം വന്നത് പോലെയായി. മീനുവിനെ കണ്ടു. ഒരു നാണം വന്നെങ്കിലും അതാ പുറത്ത് കാണിക്കാതെ മീനുവിന്റെ കുടുംബത്തെയും പരിചയപ്പെട്ടു.

നേരം ഏറെയായിട്ടും ഹരിയെ അമൽ പ്രതീക്ഷിച്ചു. പക്ഷെ കണ്ടില്ല. കൂട്ടുകാരോട് ചോദിക്കണം എന്നുണ്ടായിരുന്നു പക്ഷെ മനസ്സ് അനുവദിച്ചില്ല.

അമലിന്റെ മനസ്സ് എവിടെയോ ഒന്ന് തെറ്റി. ഹരിയെ കാണാത്തതിന്റെ വെമ്പൽ മാറുന്നില്ല. വളരെ വേഗം സമയംനീങ്ങി. ഓരോരുത്തരും സന്തോഷത്തോടെ വിട വാങ്ങാൻ തുടങ്ങി. തന്റെ സുഹൃത്തിനെ കാണാതെ അമൽ ദു:ഖിച്ചു. അവന്റെ ദു:ഖം

അറിഞ്ഞെതന്നോണം സഞ്ചയ് കാര്യമന്വേഷിക്കാൻ അടുത്തെത്തി.

അമൽ സഞ്ചയിന്റെ നിർബന്ധത്തിന് വഴങ്ങി തന്റെ ദു:ഖം പങ്ക് വെച്ചു. ഹരി എവിടെ എന്ന് ചോദിച്ചപ്പോഴേക്ക് ഹരി ഞെട്ടി. അവൻ വേദനയോടെ പറഞ്ഞു. ഇന്നേക്ക് അവൻ വ്ട പറഞ്ഞിട്ട് രണ്ട് വർഷമായി.അമലിന്റെ ഹൃദയം തകർന്നു. അവൻ കരഞ്ഞു. പൊട്ടി പൊട്ടിക്കരഞ്ഞു. അവിടെയാകെ നിശബ്ദത പരന്നു

ഫത്തഹിയ്യ പി എം VIII A

# പൂമരവും മന്ദാരവും

ഒരിക്കൽ ഒരു നാട്ടിൽ ഒരു പൂമരവും മന്ദാരവും താമസിച്ചിരുന്നു. പൂമരം ഒരു സാധുവും മന്ദാരം അഹങ്കാരിയുമായിരുന്നു. ഒരു ദിവസം പൂമരം പറഞ്ഞു, നമ്മൾ ഇവിടെ ഉള്ളതുകൊണ്ടാണ് മറ്റു ജീവികൾക്ക് വായു ലഭിക്കുന്നത്. മന്ദാരം പറഞ്ഞു നീ ഉള്ളതുകൊണ്ടല്ല ഞാനുള്ളതുകൊണ്ടാണ് . അപ്പോഴാണ് ഞെട്ടിക്കുന്ന ഒരു കാര്യം കേട്ടത്, പൂമരച്ചേച്ചി പൂമരച്ചേച്ചി .... എന്താ കുഞ്ഞിക്കിളി

നിങ്ങളെ വെട്ടിനശിപ്പിക്കാൻ അതാ വെട്ടുകാർ വരുന്നു. എന്ത്, മരം വെട്ടുകാരോ ഇനി നമ്മളെന്തു ചെയ്യും? മന്ദാരം പറഞ്ഞു, എന്നെ വെട്ടില്ല. നിന്നെയാണ് അവർ വെട്ടാൻ നോട്ടമിട്ടിരിക്കുന്നത്. എന്തിനാ മന്ദാരമേ ഇങ്ങനെ പറയുന്നത് നീ ഒരിക്കലും അഹങ്കരിക്കരുത് കേട്ടോ, ഇനി മരം വെട്ടുകാർ വന്നിട്ട് നിന്നെയാണ് വെട്ടുന്നതെങ്കിലോ? ഒരിക്കലും താൻ വലിയാളെന്ന് ചിന്തിക്കരുത്. ഇത്രയും പറഞ്ഞുകൊണ്ട് കുഞ്ഞിക്കിളി പറന്ന് പറന്നുപോയി. ഉം എന്നെയാണോ നീ ഭരിക്കാൻ വരുന്നത്? ഇത്തിരിപ്പോന്ന കുഞ്ഞിക്കിളി ഒരിക്കലും നീ പറയുന്നത് ഞാൻ കേൾക്കില്ല. മന്ദാരം പറഞ്ഞു, ദേ മരം വെട്ടുകാർ എത്തി. അവർ പറഞ്ഞു, നമുക്കീ മരങ്ങളെ മുറിച്ചുമാറ്റാം എന്നിട്ട് ഫ്ലാറ്റുകൾ പണിയാം. പൂമരം ദൈവത്തോടു പ്രാർത്ഥിച്ചു. ഞങ്ങളെ മുറിക്കാൻ അനുവദിക്കരുതേ! എന്നാൽ മന്ദാരത്തിന്റെ പ്രതീക്ഷകളെല്ലാം തെറ്റിച്ച് അവർ മന്ദാരത്തെ മുറിച്ചു. പൂമരത്തെ നിലനിർത്തിക്കൊണ്ട് ഫ്ലാറ്റുകൾക്കൊരലങ്കാരമാക്കാൻ നിശ്ചയിച്ചു. കുറേ കാലം കൂടി പൂമരം ഭൂമിയിൽ മറ്റുള്ളവർക്കുവേണ്ടി പൂക്കൾ വിരിയിച്ചു നിന്നു.

അനഘ എം ബി VII A

# ചിത്ര രചന.....






AROMAL.KB
XF

## തിരുപതി ട്രക്കിങ് ഓർമ്മകൾ-

ഞാൻ അഭിഷേക് എം.എസ്. സ്കൂളിലെ എൻ.സി.സി ട്രൂപ്പിലെ QM സർജന്റ്. എപി ട്രക്കിങ്ങിന്റെ വിവരം 2018 ആഗസ്റ്റ് മാസത്തിലാണ് സാർ അറിയിച്ചത്. അന്നു മുതൽ തന്നെ പോകാനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചു. നോമിനൽ റോൾ ഓൺലൈനായി ഓഫീസിൽ നിന്നു തന്നെ സാർ സമർപ്പിച്ചു. രണ്ടു തരത്തിലുള്ള മെഡിക്കൽ സർട്ടിഫിക്കേറ്റുകൾ തയ്യാറാക്കി അയച്ചു. 19.10.2018 ന് ഹിമസാഗർ എക്സ്പ്രസ്സിൽ ആണ് യാത്ര ആരംഭിക്കുന്നത്. രാത്രി 9 മണിയ്ക്ക് തൃശ്ശൂർ സ്റ്റേഷനിലെത്താനായിരുന്നു നിർദ്ദേശം. വല്ല്യച്ഛനാണ് കൊണ്ടുവിടാൻ വരുന്നത്. വല്ല്യച്ഛന്റെ കാറിൽ 6.45 ന് വീട്ടിൽ നിന്ന് പുറപ്പെട്ടു. കൊടുങ്ങല്ലൂരു നിന്ന് ഗിരീഷ് മാഷും കയറി. 9 മണിയ്ക്കു മുന്നേ ഞങ്ങൾ സ്റ്റേഷനിലെത്തി. എസ്കോർട്ടിങ് ഓഫീസറെ പരിചയപ്പെട്ടു. കൂട്ടുകാരെ കണ്ടു, പരിചയപ്പെട്ടു. 10 മണിയ്ക്കുവരേണ്ട ട്രെയിൻ ആദ്യം 10.30 ന് എത്തുമെന്ന് പറഞ്ഞെങ്കിലും 11.30 നാണ് ട്രെയിൻ എത്തിയത്. പല ബോഗികളിലായി പലയിടത്തായിരുന്നു ബർത്തുകൾ. ചെറിയ ടെൻഷനുണ്ടായിരുന്നെങ്കിലും അപ്പുറവും ഇപ്പുറവും കൂട്ടുകാരുണ്ടെന്നുള്ളത് ആശ്വാസം നൽകി. ക്ഷീണം കൊണ്ട് വേഗം ഉറങ്ങിപ്പോയി. നീണ്ട 12 മണിക്കൂർ യാത്ര. പിറ്റേ ദിവസം ഉച്ചയ്ക്ക് 11.30 ഓടെ തിരുപ്പതി സ്റ്റേഷനിൽ. അവിടെ 29 ആന്ധ്രാ ബറ്റാലിയന്റെ വാഹനം ഞങ്ങളെ കാത്തുകിടന്നിരുന്നു. തിരുപ്പതി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സിലെത്തിയെങ്കിലും റൂമിലേക്ക് എത്താൻ രാത്രി 8 മണി വരെ കാത്തു നിൽക്കേണ്ടി വന്നു. ഇരുന്നു മുഷിഞ്ഞതിന്റെ ക്ഷീണം... വേഗം ഉറങ്ങിപ്പോയി..

21.10.2018 ന് രാവിലെ 6 മണിയ്ക്ക് ഫാൾ ഇൻ. 7 മണിയ്ക്കു പ്രഭാതഭക്ഷണം. നല്ല വിശപ്പുണ്ടായിരുന്നു. ചാടിക്കേറി കുറേ വാങ്ങി. തിന്നു തുടങ്ങിയപ്പോഴാണ് വായിൽ വെക്കാൻ തോന്നാത്ത രുചി. വാങ്ങിച്ച ഭക്ഷണം എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചിരിക്കുമ്പോഴാണ് കൂട്ടുകാരൻ അജ്സെൽ രണ്ടാമതും വാങ്ങി തട്ടുന്നു. ഞാൻ ഒരു വിധം കഴിച്ചുവെന്നുവരുത്തി.

ട്രക്കിങ്ങിന്റെ ഭാഗമായി ആദ്യം പോയത് തിരുമല ശ്രീ വെങ്കിടേശ്വരന്റെ ഗോശാലയിലേക്കാണ്. പ്രത്യേകം പ്രത്യേകം തൊഴുത്തുകളിലായി നിരവധി പശുക്കൾ. പ്രസവിക്കാനായവ, കറവയുള്ളവ, ചെറിയ പശുക്കുട്ടികൾ എന്നിങ്ങനെ സജ്ജീകരിച്ചിരുന്നു. ഒരു വയസ്സിനു താഴെയുള്ള പശുക്കുട്ടികളുടെ കൂടെ ഒരു കുറ്റൻ കാളയുണ്ടായിരുന്നു. അതിന്റെ കൊമ്പിന് നല്ല നീളമുണ്ടായിരുന്നു. എല്ലാ തൊഴുത്തുകളിലും കാളകളുണ്ടായിരുന്നു. ഒരു ദിവസം 600 ലിറ്റർ പാലാണ് ഇവിടെ നിന്ന് ഉത്പാദിപ്പിക്കുന്നത്. ഒരു തുള്ളി പോലും പാഴാക്കാതെ മുഴുവനും തിരുപ്പതി വെങ്കിടേശ്വര ക്ഷേത്രത്തിലേക്ക് കൊടുത്തയക്കും. അവിടെ കുതിരകളും ആനകളും ഉണ്ടായിരുന്നു. ഞങ്ങൾക്കവിടെനിന്നും തൈരുസാദം പ്രസാദമായി കിട്ടി. നല്ല രുചിയുണ്ടായിരുന്നു. അതുകഴിച്ചതിനുശേഷം 12 മണിയോടെ അവിടെ നിന്നു പോന്നു. ഉച്ചഭക്ഷണത്തിനുശേഷം വെറ്റിനറി കോളേജിലേക്ക് പോയി. വിവിധ പ്രായത്തിലുള്ള

പന്നികളെയും കുതിരകളെയും കണ്ടു. കുതിരകളെ പരിശീലിപ്പിക്കുന്ന സ്ഥലങ്ങളും കണ്ടു.

22.10.2018 ന് തിരുപ്പതി റീജണൽ സ്പേസ് റിസർച്ച് സെന്റർ സന്ദർശിച്ചു. കൗതുകം ജനിപ്പിക്കുന്ന, വിവിധ തരത്തിലുള്ള ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ ഞങ്ങൾ കണ്ടു. തുടർന്ന് രണ്ടു വിഭാഗങ്ങളായി വീഡിയോ പ്രദർശിപ്പിച്ചുള്ള ക്ലാസ്സുകളുണ്ടായിരുന്നു.

ഓഡിറ്റോറിയത്തിലെ പരീക്ഷണക്ലാസ്സുകൾ ഞങ്ങൾക്കു വലിയ ആവേശം നൽകി. നൈട്രജൻ ലിക്വിഡ് കൊണ്ടുള്ള പരീക്ഷണങ്ങളായിരുന്നു. ഒരു ബോഗൺ വില്ലയുടെ തണ്ടിൽ നിറയെ പൂവുണ്ടായിരുന്നു.ഞങ്ങളിൽ ഒരാളെ വിളിച്ച് അതു ഞെരിക്കാൻ പറഞ്ഞു. അവൻ പരമാവധി ശ്രമിച്ചെങ്കിലും സാധിച്ചില്ല. ക്ലാസ്സെടുത്തിരുന്ന സാർ ആ പൂക്കൾ നൈട്രജൻ ലിക്വിഡിൽ മുക്കി. എന്നിട്ട് വീണ്ടും ഞെരിക്കാൻ പറഞ്ഞു. അതു പൊടിഞ്ഞു പോയി. പിന്നെ അതിൽ റബർ മുക്കി. അപ്പോൾ അതിന് വലിയ ബലം വെച്ചു. പക്ഷേ ഞെരിച്ചപ്പോൾ അതും പൊടിഞ്ഞുപോയി. പിന്നീട് ഒരു സ്റ്റമ്പർ ബോളിലായിരുന്നു പരീക്ഷണം. എറിഞ്ഞപ്പോൾ അതിന്റെ ഇലാസ്തികത കൊണ്ട് ബൗൺസ് ചെയ്തു. എന്നാൽ അത് നൈട്രജൻ ലിക്വിഡിൽ മുക്കിയാൽ പന്ത് ഫ്രീസാകുന്നു. അത് എറിഞ്ഞാൽ ഇരുമ്പുകട്ട വീഴുന്ന ശബ്ദവും മുഴക്കവും മാത്രം.

ഉച്ചയ്ക്കുശേഷം NARL (National Atmospheric Research Laboratory) ൽ പോയി. അവിടെ കാലവസ്ഥാവ്യതിയാനങ്ങൾ കണ്ടുപിടിക്കാൻ സഹായിക്കുന്ന ഉപകരണങ്ങളും സൂപ്പർ കമ്പ്യൂട്ടറുകളും കണ്ടു. NARL ന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ സംക്ഷിപ്തം വീഡിയോ രൂപത്തിൽ കണ്ടു. അതുവരെ ചുമതലയനുഷ്ഠിച്ച ഡയറക്ടർമാരുടെ ചിത്രങ്ങളും കണ്ടു.

23.10.2018 ൽ തിരുപ്പതി മലയിലേക്കായിരുന്നു യാത്ര. രാവിലെ 6.30 ന് മല കയറാൻ തുടങ്ങി. 8 മണിയോടെ മലയിലെത്തി. അവിടെയായിരുന്നു പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും. ദർശനത്തിനുശേഷം തിരുപ്പതി ലഡ്ഡു വാങ്ങി. തുടർന്ന് മ്യൂസിയത്തിലേക്ക് പോയി. പഴയ ശില്പകലചാതുരികളും വാദ്യോപകരണങ്ങളും ആയുധങ്ങളും അവിടെ കണ്ടു.

24.10.2018 ന് റോക്ക് പാർക്കിൽ പോയി. ഉച്ചഭക്ഷണം അമ്പലത്തിൽ നിന്നുതന്നെയായിരുന്നു. അവിടം മുഴുവൻ ചുറ്റി സഞ്ചരിച്ച് വൈകുന്നേരം 4.30 ഓടെ ബേസ് ക്യാമ്പായ ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സിലേക്കു എത്തി.

25.10.2018

രാവിലെ ക്യാമ്പിൽ നിന്നിറങ്ങി കപിലതീർത്ഥത്തിൽ സ്നാനം ചെയ്തു. പിന്നീട് ആന്ധ്രാപ്രദേശ് റെഡ് സാന്റൽവുഡ് ടാസ്ക് ഫോഴ്സിന്റെ മ്യൂസിയം കണ്ടു. രക്തചന്ദനം മോഷ്ടിച്ചുകടത്താൻ ശ്രമിച്ച വാഹനങ്ങൾ അവിടെ പിടിച്ചിട്ടുണ്ടായിരുന്നു. ബെൻസ്, ഡസ്റ്റർ പോലുള്ള ആഡംബര കാറുകളും അക്കൂട്ടത്തിലുണ്ടായിരുന്നു. ഞങ്ങളുടെ രണ്ടു കൂട്ടുകാർക്ക് രക്തചന്ദനത്തിന്റെ തൈകൾ കിട്ടി. അവിടെ നിന്ന് ഞങ്ങൾ പോയത് കൃഷ്ണന്റെ അമ്പലത്തിലേക്കായിരുന്നു. പിന്നെ ചന്ദ്രഗിരിഫോർട്ടിലേക്ക്. അവിടത്തെ ചരിത്രമ്യൂസിയം കണ്ടു.

26.10.2018 ന് രാവിലെ സുവോളജിക്കൽ പാർക്കിലെത്തി. ആന, കരടി, സിംഹം, ബംഗാൾ കടുവ, വെള്ളക്കടുവ, പലതരം പക്ഷികൾ................ അവിടത്തെ ജീവനക്കാർ അവരെ വളരെ കരുതലോടുകൂടിയാണ് പരിചരിച്ചിരുന്നത്.

എല്ലാം കണ്ടും കേട്ടും പഠിച്ച് 27.10.2018 ന് വൈകുന്നേരം തിരികെ യാത്ര.... ട്രെയിനുവേണ്ടി തിരുപ്പതിയിൽ കാത്തിരിക്കുമ്പോൾ കഴിഞ്ഞ പത്തുദിവസങ്ങളുടെ ഓർമ്മകൾ പിന്നെയും പിന്നെയും തെളിഞ്ഞുവരുന്നു. സ്വന്തം വീട്ടിൽ നിന്ന് മാറി നിന്ന പത്തു ദിവസങ്ങൾ..പുതിയ കൂട്ടുകാരെ കിട്ടിയ പത്തു ദിവസങ്ങൾ. പുതിയ ഭക്ഷണ അനുഭവങ്ങൾ..തിരുപ്പതിയിലെ ചന്ദനം മണക്കുന്ന നടപ്പാതകളിലൂടെയുള്ള നടത്തങ്ങൾ...തീവണ്ടിയുടെ ചൂളം കേൾക്കുന്നു. നാട്ടിലേക്കുള്ള യാത്ര. അമ്മയെ കാണാനുള്ള യാത്ര.. തിരികെ യാത്ര............................

അഭിഷേക് എം.എസ് IX B

# എന്റെ നാട്

മലകളും പുഴകളും പച്ചപ്പുൽമേടുകളും
നിറഞ്ഞ് നിൽക്കുന്ന എന്റെ ഗ്രാമം...
ഗ്രാമത്തിൽ ഗാനങ്ങൾ മൂളി വരും
കാറ്റിനുമുണ്ടൊരു സൗന്ദര്യം
ഗ്രാമത്തിൽ മിടുക്കിയായി കാണിക്കും
വൃക്ഷങ്ങൾ ചേർന്നതാണെന്റെ ഗ്രാമം..
വീശും കാറ്റത്ത് ഇളകിയാടി നിൽക്കും
പൂക്കൾക്ക് നടുവിലാണെന്റെ ഗ്രാമം
മലകളും കുന്നിൻ ചെരിവുകളും
ചേർന്ന് സുന്ദരമാണെന്നുമെന്റെ ഗ്രാമം
പല പല ഋതുക്കളും
പല പല കിളികളും
ചിരി തൂകി നില്ക്കുന്നതാണെന്റെ ഗ്രാമം
എന്തു മനേഹരമാണെൻ ഗ്രാമം

അഖിലമോൾ VIII F



# നന്ദി

**ഡിജിറ്റൽ മാഗസിൻ ഒരുക്കുന്നതിന് സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കു അതിന് അവരെ പ്രാപ്തരാക്കിയ അവർക്കു പിന്നിൽ പ്രവർത്തിച്ച അനിത്ത ടീച്ചർക്കും സുധ ടീച്ചർക്കും ഒരായിരം നന്ദി..**

**എഡിറ്റർ**